NOV..: 1

# KGBEU OU ബുള്ളറ്റിൻ 57/2022

സഖാക്കളെ,

## വിഷയം: PLI to 29 OATD

നമ്മുടെ ബാങ്കിൽ കടുത്ത അനീതിക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു വിഭാഗമാണ് 2012 ൽ eNMGB യിൽ നിയമനം ലഭിച്ച 29 OATD മാർ. increment, CL ഒഴികെയുള്ള മറ്റു ലീവുകൾ ഉൾപ്പെടെ ഒന്നും അതിൽപ്പെട്ട ജീവനക്കാർക്ക് ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണയിൽക്കിടക്കുന്ന കേസ് ആയതിനാൽ ആണ് അത്തരം ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്തത് എന്നാണ് മാനേജ്മെന്റ് ഭാഷ്യം എങ്കിലും, confirmation കാര്യത്തിൽ അല്ലാതെ മറ്റൊന്നിലും കോടതി ഒരു നിബന്ധനയും പറഞ്ഞിട്ടില്ല. ആയതിനാൽ 2017 ൽ നമ്മുടെ സംഘടനയുമായി മാനേജ്മെൻറ് ഉണ്ടാക്കിയ ധാരണപ്രകാരം ഒരു declaration വാങ്ങിച്ച് increment, PL, SL ഉൾപ്പെടെ മറ്റാനുകൂല്യങ്ങൾ കൊടുക്കാം എന്ന് സമ്മതിച്ചതുമാണ്. എന്നാൽ അതിൽപ്പെട്ട ഒരു ജീവനക്കാരൻ declaration നൽകാൻ തയ്യാറാവാത്തതിനാൽ മാനേജ്മെന്റ് അതിൽ നിന്നും ഏകപക്ഷീയമായി പിന്മാറുന്ന അവസ്ഥയാണ് ഉണ്ടായത്. അതിൽ സംഘടനയുടെ ശക്തമായ പ്രതിഷേധവും നാം രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ഇപ്പോൾ വന്ന ഒരു വിഷയം, കഴിഞ്ഞ രണ്ട് ഘട്ടങ്ങളിലായി ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് PLI നൽകിയിരുന്നു. എന്നാൽ നൽകിയ PLI തിരിച്ചു പിടിക്കും എന്ന നിലയിൽ മുഴുവൻ ആളുകൾക്കും കത്ത് അയച്ചിരിക്കുകയാണ്. കത്ത് ജീവനക്കാർക്ക് കിട്ടിയ സമയം മുതൽ സംഘടന ഈ വിഷയത്തിൽ ഇടപെട്ടു കൊണ്ടിരിക്കുകയാണ്. വളരെ തുച്ഛമായ തുകയാണ് ശമ്പളമായി ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്നത് എന്നതിനാൽ ശമ്പളത്തിൽ നിന്നും തിരിച്ചു പിടിക്കരുത് എന്ന നിലപാടും ആവശ്യമെങ്കിൽ ഒരു declaration അവരിൽ നിന്നും വാങ്ങിയാൽ മതി എന്ന അഭിപ്രായവും നാം മാനേജ്മെന്റിനോട് പറഞ്ഞിട്ടുണ്ട്. ഇന്നല്ലെങ്കിൽ നാളെ അവർക്ക് അർഹതപ്പെട്ട തുകയാണ് ഇത് എന്ന കാര്യത്തിൽ ആർക്കും ഒരു അഭിപ്രായവ്യത്യാസവും ഇല്ല. മാത്രവുമല്ല, കോടതി വഴിയുള്ള തീർപ്പാക്കലിനായി നാം ഈ കേസ് കൈകാര്യം ചെയ്യുന്ന വക്കീലുമായി നിരന്തരം ബന്ധപ്പെട്ട് കൊണ്ടിരിക്കുകയാണ്. ഈയാഴ്ച തന്നെ സംഘടനാ ജനറൽ സെക്രട്ടറിമാർ കേസ് നടത്താൻ ചുമതലപ്പെടുത്തിയ സഖാക്കളോടൊപ്പം വക്കീലുമായി നേരിട്ട് കണ്ട് സംസാരിക്കാനും തീരുമാനിച്ചിട്ടുണ്ട്. നമുക്ക് കിട്ടിക്കൊിരിക്കുന്ന നിയമോപദേശപ്രകാരമാണ് നാം ഈ വിഷയത്തിൽ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും അടുത്ത നാളുകളിൽത്തന്നെ പൂർണമായ പരിഹാരം ഉണ്ടാക്കാൻ സംഘടന തീവ്രമായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.

ജനറൽ സെക്രട്ടറി

KGB എംപ്ലോയീസ് യൂണിയൻ

KGB ഓഫീസേഴ്സ് യൂണിയൻ